ENTRI

1 Crore User Downloads

# CURRENT AFFAIRS 21 OCT 2024




### 2023ലെ ദേശീയ ജലപുരസ്കാരങ്ങളിൽ മികച്ച സംസ്ഥാനമായി തിരഞ്ഞെടുക്കപ്പെട്ടത്

**ഒഡിഷ**

- ഉത്തർപ്രദേശ് രണ്ടാംസ്ഥാനം നേടിയപ്പോൾ പുതുച്ചേരിയും ഗുജറാത്തും മൂന്നാംസ്ഥാനം പങ്കിട്ടു.
- രാജ്യത്തെ മികച്ച ജലസംരക്ഷണ മാതൃകകൾക്ക് കേന്ദ്ര ജലശക്തി മന്ത്രാലയം നൽകുന്ന പുരസ്കാരമാണിത്.

---



എബി ഡിവില്ലിയേഴ്സ്

### 2024ൽ രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ (ഐസിസി) ഹാൾ ഓഫ് ഫെയിമിൽ ഇടം നേടിയ ക്രിക്കറ്റ് താരങ്ങൾ

**എബി ഡിവില്ലിയേഴ്സ് (ദക്ഷിണാഫ്രിക്ക) , അലസ്റ്റൈർ കുക്ക് (ഇംഗ്ലണ്ട്) , നീതു ഡേവിഡ് (ഇന്ത്യ)**

- ഈ നേട്ടം കൈവരിക്കുന്ന രണ്ടാമത്തെ ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരമാണ് നീതു. മുൻ ക്യാപ്റ്റൻ ഡയാന എഡുൽജിയാണ് ഹാൾ ഓഫ് ഫെയിമിൽ ഇടംനേടിയ ആദ്യ ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം.
- ഏകദിനത്തിൽ 100 വിക്കറ്റ് നേടുന്ന ആദ്യ ഇന്ത്യൻ വനിതാ താരമെന്ന റെക്കോർഡ് നീതുവിന്റെ പേരിലാണ്.
- ഇന്ത്യയ്ക്കായി ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് വീഴ്ത്തിയ രണ്ടാമത്തെ ബൗളറാണ് നീതു ഡേവിഡ്.



നീതു ഡേവിഡ്

---

### 2024ലെ ഇന്ത്യ മൊബൈൽ കോൺഗ്രസിന് (ഐഎംസി) വേദിയായത്

**ന്യൂഡൽഹി**

---



വിരാട് കോഹ്‌ലി

### അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ 9000 റൺസ് നേടിയ നാലാമത്തെ ഇന്ത്യൻ ക്രിക്കറ്റർ എന്ന നേട്ടം സ്വന്തമാക്കിയത്

**വിരാട് കോഹ്‌ലി**

- സച്ചിൻ ടെണ്ടുൽക്കർ , രാഹുൽ ദ്രാവിഡ് , സുനിൽ ഗവാസ്കർ എന്നിവരാണ് വിരാട് കോഹ്‌ലിക്ക് മുൻപ് ടെസ്റ്റ് ക്രിക്കറ്റിൽ 9000 റൺസ് നേടിയ ഇന്ത്യൻ ക്രിക്കറ്റ് താരങ്ങൾ.

---



അർജുൻ എരിഗാസി

### 2024ലെ ഡബ്ല്യു.ആർ. ചെസ് മാസ്റ്റേഴ്സ് കപ്പ് സ്വന്തമാക്കിയ ഇന്ത്യൻ താരം

**അർജുൻ എരിഗാസി**

- ഫ്രാൻസിന്റെ മാക്സിം വാഷിയർ ലഗ്രേവിനെ ഫൈനലിൽ പരാജയപ്പെടുത്തിയാണ് എരിഗാസി ജേതാവായത്.
- 2024 ലെ ഡബ്ല്യു.ആർ. ചെസ് മാസ്റ്റേഴ്സ് കപ്പിന് വേദിയായത് - ലണ്ടൻ